## കത്തുകൾ

# ഇസ്‌ലാം, രാഷ്ട്രം, രാഷ്ട്രീയം
# മുജാഹിദുകൾക്കും ഓർമകളുണ്ടായിരിക്കണം


**'ഇസ്‌ലാമിനുവേണ്ടി** ത്യാഗങ്ങൾ കുടിച്ചിറക്കിയവരാണ് ഇഖ്‌വാനുൽ മുസ്‌ലിമീൻ പ്രവർത്തകർ. വൈദേശിക മേധാവിത്വത്തിൽനിന്ന് ഈജിപ്തിനെ മോചിപ്പിച്ച് ഇസ്‌ലാമികാന്തരീക്ഷം സൃഷ്ടിക്കാൻ അവർ പടക്കളത്തിലിറങ്ങി. പ്രസിദ്ധ പണ്ഡിതനും ഇഖ്‌വാന്റെ സ്ഥാപക നേതാവുമായ ഹസനുൽബന്നയെ ഫാറൂഖിന്റെ കിങ്കരന്മാർ വെടിവെച്ച് കൊന്നു. അതിന്റെ ഉന്നത നേതാക്കളെ തൂക്കിക്കൊന്നു. *അൽ അദാലത്തുൽ ഇജ്തിമാഇയ്യത്തു ഫിൽ ഇസ്‌ലാം*, *ഫീ ളിലാലിൽ ഖുർആൻ* തുടങ്ങിയ അമൂല്യ കൃതികളുടെ കർത്താവായ സയ്യിദ് ഖുത്ബും ഇതിൽപ്പെടും. അദ്ദേഹത്തിന്റെ വേർപാട് ഇസ്‌ലാമിക ലോകത്തിനേറ്റ കനത്ത പ്രഹരമാണ്. തന്റെ വീക്ഷണം അദ്ദേഹം തന്നെ അവതരിപ്പിക്കുന്നു:

"ദൈവാധിപത്യമാണ് ഞങ്ങളുടെ മുദ്രാവാക്യം. ആ വ്യവസ്ഥയിൽ രാഷ്ട്രത്തിന്റെ പരമാധികാരി ഏതെങ്കിലും വ്യക്തിയോ വിഭാഗമോ അല്ല. അല്ലാഹുവാണ്. ഇസ്‌ലാം അവിഭാജ്യമാണ്. ഒന്നുകിൽ അതിനെ പൂർണമായി അംഗീകരിക്കണം. അല്ലെങ്കിൽ നിശ്ശേഷം തള്ളിക്കളയണം. നിസ്സാര പ്രശ്നങ്ങളിൽ ഇസ്‌ലാമിനെ കൈകൊള്ളുകയും സമൂഹത്തിന്റെ ജീവൽ പ്രശ്നങ്ങളിൽ ഇസ്‌ലാമിനെ അവഗണിക്കുകയും ചെയ്യരുത്. പുരോഗമനാത്മകമായ ഒരു സാമൂഹിക ക്രമവും സമ്പൂർണമായ ഒരു സാമൂഹിക നീതിയും പുനഃസ്ഥാപിക്കപ്പെടണം. ഇസ്‌ലാമിക ഭരണമേർപ്പെടുത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത് അതുകൊണ്ടാണ്" (*അൽമുർശിദ്*, ലക്കം 7, 1966 സെപ്റ്റംബർ).

"ഇസ്‌ലാമിന്റെ ലക്ഷ്യം തന്നെയാണ് ബ്രദർഹുഡ്ഡിന്റെയും ലക്ഷ്യം. ഇസ്‌ലാമിക സിദ്ധാന്തങ്ങളിൽ അധിഷ്ഠിതമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കുകയെന്ന മഹത്തായ ലക്ഷ്യം. ഇസ്‌ലാം ഒരാദർശമാണ്. അതിൽനിന്നും ഒരു ജീവിത പദ്ധതി രൂപംകൊള്ളുന്നു. ഈ പദ്ധതി ഒരു ഭരണക്രമം ആവിഷ്കരിക്കുന്നു" (*അൽ മുർശിദ്*, 1966 ജൂൺ).

"വിചാര വേദിയിലും ജീവിത രംഗത്തും അള്ളിപ്പിടിച്ച താഗൂത്തുകളെ തച്ചുടച്ചുകൊണ്ട് മുഹമ്മദ് നബി(സ) തന്റെ ജീവിതയാത്ര തുടർന്നു. അവിടുന്ന് പഠിപ്പിച്ചു: "വിധികർതൃത്വാവകാശം മുഴുവൻ ദൈവത്തിൽ നിക്ഷിപ്തമാണ്. അവന്റെ വിധികൾ നടപ്പാക്കാൻ യോഗ്യതയുള്ളവരെ നേതാവായി ജനങ്ങൾ തെരഞ്ഞെടുക്കണം. ആർക്കും ആരുടെയും വിധികർതൃത്വം അംഗീകരിക്കേണ്ടതില്ല. പരമാധികാരം പ്രപഞ്ച നാഥനുമാത്രം. ജനനായകൻ നിയമം നിർമിക്കുന്നതിന് പകരം ദൈവനിർമിത നിയമം നടപ്പാക്കുകയാണ് ചെയ്യുന്നത്." (സയ്യിദ് ഖുത്ബിന്റെ ലേഖനത്തിൽനിന്ന് - *അൽമുർശിദ്*, 1967 മാർച്ച്)

"ഇന്നത്തെ പ്രജായത്ത ഭരണം വിദ്യാവിഹീനരായ ഭൂരിപക്ഷത്തിന്റെ വോട്ടുകൊണ്ട് രൂപമെടുത്തിട്ടുള്ളതാണ്. നമ്മുടെ ഇന്ത്യൻ യൂനിയനിൽ തന്നെ 80 ശതമാനത്തിലധികം വോട്ടർമാരും നിരക്ഷരകുക്ഷികളാണ്. ഇസ്‌ലാമിൽ ഭരണത്തലവനെ തെരഞ്ഞെടുക്കുന്നത് സമുദായ നേതാക്കന്മാരും യോഗ്യന്മാരുമാണ്. ഇത്തരമൊരു ഭരണം കൊണ്ടല്ലാതെ ലോകത്ത് സമാധാനം സംജാതമാകുന്നതല്ല... ആ പരിശുദ്ധ ഗ്രന്ഥമാകട്ടെ മനുഷ്യ ജീവിതത്തിന്റെ എല്ലാ തുറകളെയും ക്രോഡീകരിച്ചുകൊണ്ടുള്ള ഒരു നിയമസംഹിതയാണ്... എന്നാൽ ഇസ്‌ലാമിക പ്രജായത്തം ഇന്നത്തെ പാശ്ചാത്യ പ്രജായത്തമല്ല... തൽഫലമായി ഇസ്‌ലാമിക ഭരണത്തിന്റെ മൗലിക പ്രമാണം തന്നെ ജനങ്ങൾ അറിയാതെ പോയി... നിലവിൽ ഭരണവകുപ്പും നീതിന്യായ വകുപ്പും കെട്ടുപിണഞ്ഞു കിടക്കുകയാണ്. നമ്മുടെ




## തട്ടിപ്പുകൾ അവസാനിക്കുന്നില്ല....

**ആട്,** തേക്ക്, മാഞ്ചിയം തട്ടിപ്പിൽനിന്ന് തുടങ്ങി മണിചെയിനുകളിലൂടെ സാമ്പത്തിക തട്ടിപ്പ് പുതിയ 'ഹലാൽ' മുഖംമൂടിയണിഞ്ഞ് എത്തിയിരിക്കുന്നു. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നിരന്തര പ്രചാരണ പരിപാടികളിലൂടെ പലിശക്കെതിരെ ശക്തമായ വികാരം മുസ്‌ലിം സമൂഹത്തിൽ ഉണർത്താൻ കഴിഞ്ഞിട്ടുണ്ട്. അതിനാൽ തന്നെ, വരുമാനത്തിൽനിന്ന് മിച്ചംപിടിക്കുന്നവർ സമ്പാദ്യം എങ്ങനെ വരുമാനം ലഭിക്കാനായി നിക്ഷേപിക്കാം എന്ന ആലോചനയിലുമാണ്. ഈ സാഹചര്യം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് 'ഹലാൽ ബിസിനസ്'എന്ന പേരിൽ ഇസ്‌ലാമിക മൂല്യം കാത്തുസൂക്ഷിക്കണമെന്ന് താൽപര്യമുള്ളവരിൽനിന്നും പൊതുജനങ്ങളിൽനിന്നും നിക്ഷേപം സ്വീകരിച്ചുകൊണ്ട് സംരംഭങ്ങൾ ഉയർന്നുവന്നത്. ബാങ്ക് നിക്ഷേപത്തിന് 7-10 ശതമാനം മാത്രം പലിശ ലഭിക്കുമ്പോൾ ഇത്തരം ബിസിനസുകാർ 35-60 ശതമാനം വരെ വാർഷിക ലാഭം നൽകിവന്നത് ഒരുപാട് ജനങ്ങളെ ആകർഷിച്ചു.

റിയൽ എസ്റ്റേറ്റ് ബിസിനസിലൂടെയും, വൻ ചരക്കുകൾ മൊത്തമായി എടുത്ത് മറിച്ച് വിറ്റുമാണ് ഇവർ ലാഭം നേടുന്നത് എന്നായിരുന്നു സാമാന്യ ധാരണ. എന്നാൽ ഓഹരി വിപണിയിലെ ഊഹക്കച്ചവടവും ബ്ലേഡ് പലിശയും ചില 'ഹലാൽ'ബിസിനസുകാർക്ക് ഉണ്ട് എന്നാണ് പുതിയ അറിവ്.

ബിസിനസ് നടത്തുന്നവർ എന്താണ് ചെയ്യുന്നത് എന്നതിനെക്കുറിച്ച് ശരിയായി പഠിക്കാതെയും കണക്കുകൾ പരിശോധിക്കാതെയും രേഖകൾ സൂക്ഷിക്കാതെയുമാണ് അധിക നിക്ഷേപവും നടന്നിട്ടുള്ളത്. 'ഹലാൽ ബിസിനസിൽ' നിക്ഷേപിക്കാൻ പലിശക്ക് ബാങ്ക്‌വായ്പ എടുത്തവരും ഉണ്ട് എന്നതാണ് രസകരം.

തട്ടിപ്പുകൾ അവസാനിക്കുന്നില്ല. പുതിയ രൂപത്തിലും ഭാവത്തിലും അത് തിരിച്ചുവരും. ജനം വീണ്ടും കബളിപ്പിക്കപ്പെടുകയും ചെയ്യും.

**എൻ. മുസ്തഫ എടപ്പാൾ**

ഇന്ത്യൻ യൂനിയന്റെ കാര്യം എടുത്തുപറയാതിരിക്കുന്നതായിരിക്കും ഉത്തമം... വാസ്തവത്തിൽ ഇസ്‌ലാമിക പ്രജായത്തമാണ് ബുദ്ധിപൂർവ്വവും പ്രായോഗികവുമായ പ്രജായത്ത ഭരണമെന്ന് ഇത്രയും വിവരിച്ചതിൽനിന്ന് ഗ്രഹിക്കാവുന്നതാണ്. അതിനെ നിയന്ത്രിക്കുന്ന ഒരു നിയമ സംഹിത മുസ്‌ലിംകളുടെ മുമ്പിലുണ്ട്. അത്രെ വിശുദ്ധ ഖുർആൻ" (ഇ.കെ മൗലവി, *ചന്ദ്രിക* നബിദിന വിശേഷാൽപ്രതി, 1950 ജനുവരി 2).

"ഇസ്‌ലാം ഏത് ദിവസം ദീൻ(മതം) ആയോ അന്നുതന്നെ സിയാസത്തും (രാഷ്ട്രം) കൂടിയായിരുന്നു" (*അൽമുർശിദ്*, പുസ്തകം 5, ലക്കം 3).

"ആരാധനയും അടിമത്തവും സമർപ്പണവും പങ്കുകാരനില്ലാത്ത അല്ലാഹുവിനു മാത്രമാക്കി. അല്ലാഹു പറഞ്ഞു: 'വിധികർതൃത്വാധികാരം അല്ലാഹുവിന് മാത്രമാകുന്നു....' ഇതാണ് നിർബന്ധമെന്ന് അല്ലാഹു വിധിച്ച ഭരണപരമായ നേതൃത്വം.... ഇന്ത്യൻ നിയമനിർമാണ സഭ ആവിഷ്കരിക്കുന്ന നിയമം ഇസ്‌ലാമിനു വിരുദ്ധമാവാം... ചിന്തിക്കുന്ന സത്യവിശ്വാസി സഹോദരന്മാരേ, സുകൃതികളും ബുദ്ധിശാലികളുമായ പണ്ഡിതന്മാരേ, നിങ്ങൾ ഏകാത്മക ദേശീയത എന്ന പേരിനെ പറ്റി ചിന്തിക്കൂ. അത് ഇസ്‌ലാമുമായി യോജിക്കുമോ? അതോ ഇസ്‌ലാമുമായി പൂർണമായും വിയോജിക്കുകയാണോ ചെയ്യുന്നത്? ദേശീയവാദം എന്ന ആശയം ഇസ്‌ലാം ദീനിന് മുഴുവനായും വിരുദ്ധമാകുന്നു. അത്യന്തം പ്രയാസകരവും സങ്കീർണവുമായ ഈ പ്രതിസന്ധിഘട്ടത്തിൽ സത്യസന്ധനും ദൃഢവിശ്വാസിയും വിവേകശാലിയും ഏകാത്മക ദേശീയ വാദത്തിലെ വിപത്തുകളെക്കുറിച്ച് ശരിക്കും ബോധവാനുമായ ഒരു മനുഷ്യനെ നമ്മുടെ നാട്ടിൽനിന്ന് നമുക്കായി എഴുന്നേൽപിച്ചു തന്ന അല്ലാഹുവിന് നന്ദി പറയുന്നു. സയ്യിദ് അബുൽ അഅ്‌ലാ എന്നാണദ്ദേഹത്തിന്റെ പേര്. *തർജുമാനുൽ ഖുർആൻ* മാസിക, *മുസൽമാൻ ഔർ മൗജൂദ് സിയാസീ കശ്മകശ്* എന്നീ ഗ്രന്ഥം പ്രസിദ്ധീകരിക്കുകവഴി ഇസ്‌ലാമിന്റെ മാർഗത്തിൽ സമരം ചെയ്യാൻ അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിച്ചിരിക്കുന്നു" (*അൽമുർശിദ്*, 1938 ഡിസംബർ)

"മനുഷ്യരുടെ ഭൗതിക കാര്യങ്ങളിൽ നിയമനിർമാണം നടത്താൻ ഒരുത്തനവകാശമുണ്ടെന്ന് ഒരാൾ വിശ്വസിച്ചാൽ അവർ അല്ലാഹു അല്ലാത്തവർക്ക് ഇബാദത്ത് ചെയ്യുകയും വ്യക്തമായി ശിർക്കിൽ അകപ്പെടുകയും ചെയ്തതു തന്നെ" (*അൽമനാർ* 1988 സെപ്റ്റംബർ).

"മക്കയിലെ പരീക്ഷണ നാളുകളിൽ തന്നെ രാഷ്ട്രത്തിന്റെ വിത്ത് നട്ടിരുന്നു" (കെ.എൻ.എം പ്രസിദ്ധീകരിച്ച *മുഹമ്മദ്(സ) അനുപമ വ്യക്തിത്വം* എന്ന പുസ്തകം).

"ഭരണ സംബന്ധമായ വശങ്ങൾ കാണിക്കാതെ മുഹമ്മദ് നബി(സ) ചരമമടഞ്ഞിരുന്നുവെങ്കിൽ ജനോപകാരിയായ ഒരു സമ്പൂർണമാതൃകാ പുരുഷനാവില്ലായിരുന്നു." (അതേ പുസ്തകം)

മതാധിഷ്ഠിത ദ്വിരാഷ്ട്രവാദത്തിന് നേതൃത്വം കൊടുത്ത മുഹമ്മദലി ജിന്നക്ക് പരിപൂർണ വിശ്വാസം രേഖപ്പെടുത്തിയും ദീർഘായുസ്സിന് വേണ്ടി പ്രാർഥിച്ചും പ്രമേയം പാസ്സാക്കിയ (1947 മാർച്ച്, കേരള ജംഇയ്യത്തുൽ ഉലമ സമ്മേളനത്തിൽ അംഗീകരിച്ച പ്രമേയം) സംഘടനയുടെ പിന്മുറക്കാരാണ് ഇസ്‌ലാമിക പ്രസ്ഥാനത്തെ ആക്രമിക്കാൻ ഇറങ്ങിയിരിക്കുന്നത്. കേരളമുടനീളം വെല്ലുവിളികളും വിമർശനങ്ങളുമായി ഇസ്‌ലാമിക പ്രസ്ഥാനത്തെയും മുൻകാല പണ്ഡിതരെയും ആക്രമിക്കുമ്പോൾ, മേൽ സൂചിപ്പിച്ച ഇസ്‌ലാഹി പണ്ഡിതരെയും ലോക സലഫി പണ്ഡിതരെയും പരാമർശിക്കാതെ വിടരുത്. കുവൈത്തിൽ സലഫി വേദിയും ഇഖ്‌വാനികളും സമകാലീന പ്രശ്നങ്ങളിൽ യോജിച്ച് പ്രവർത്തിക്കുന്നു. പാകിസ്താനിൽ എം.എം.എ മുന്നണിയിൽ സലഫികളും ജമാഅത്തെ ഇസ്‌ലാമിയും ബറേൽവികളും സഹകരിച്ചു പ്രവർത്തിക്കുന്നു. ഇന്ത്യയിൽ ഇസ്‌ലാമിക പ്രസ്ഥാനം അഹ്‌ലെ ഹദീസുമായി യോജിച്ച് പ്രവർത്തിക്കുന്നു.

ഈ സാമൂഹിക രാഷ്ട്രീയ യാഥാർഥ്യങ്ങൾ തിരിച്ചറിയാതെ, മതത്തെ സജീവവും ചടുലവുമായ ജീവിത ദർശനമായി കാണാതെ, ദാർശനികമായ ഒരു വലിയ വികാസത്തിലേക്ക് പ്രവർത്തകരെ നയിക്കാതെ, മഹത്തായ പ്രസ്ഥാനത്തിന്റെ ഊർജവും സമയവും ഒരു പക്ഷേ, മുസ്‌ലിം സാമുദായിക രാഷ്ട്രീയ പാർട്ടിക്ക് വേണ്ടി വ്യയം ചെയ്യുന്നത് മിതമായി പറഞ്ഞാൽ ഇസ്‌ലാമിക പ്രസ്ഥാനത്തോടുള്ള കണ്ണുകടിയാണ്.

ജമാഅത്തെ ഇസ്‌ലാമി ഖുർആന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ ജനാധിപത്യം, ദേശീയത, ഇസ്‌ലാമികവ്യവസ്ഥ തുടങ്ങിയ സംജ്ഞകളെ പരിചയപ്പെടുത്തിയതിനേക്കാൾ ശക്തമായി മുൻകാല മുജാഹിദ് പണ്ഡിതന്മാരും സാഹിത്യങ്ങളും കേരളീയ സമൂഹത്തിന് അവ പരിചയപ്പെടുത്തിയിരുന്നു എന്ന് കാണാവുന്നതാണ്. പ്രിയ വായനക്കാരേ, ഇനി നിങ്ങൾ തീരുമാനിക്കുക.

**വി. ഹശ്ഹാശ് കണ്ണൂർ സിറ്റി**

## ഇസ്രയേലിനെ കാത്തിരിക്കുന്നത്....

**ഇസ്രയേലിന്റെ** ഏറ്റവും വലിയ (ആദർശ) രാഷ്ട്രീയ ശത്രുവായ ഹമാസിനെയും അതിനെ പിന്തുണക്കുന്നവരെയും തുടച്ചുനീക്കുക എന്ന ഗൂഢലക്ഷ്യം ഒന്നുമാത്രമായിരുന്നു ഇസ്രയേൽ ആക്രമണത്തിന് പിന്നിൽ. ഹമാസിനെ ഇസ്രയേൽ ഒരുനിലക്കും പൊറുപ്പിക്കുകയില്ല. ഹമാസ് ജൂത രാജ്യത്തിന് എന്നും തലവേദനയാണ്. ഇസ്രയേലിന്റെ ചൊൽപടിക്ക് നിൽക്കുന്ന ഏതു പാവകളെയും ഇസ്രയേൽ അംഗീകരിക്കും. പക്ഷേ, ഹമാസിനെ മാത്രം അവരുടെ വരുതിയിൽ ലഭിക്കുകയില്ലെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ഫലസ്ത്വീൻ രാഷ്ട്രത്തിന് അംഗീകാരം ലഭിച്ചാൽ, ഹമാസ് അധികാരത്തിൽ വന്നാൽ ഇസ്രയേലിന് പിന്നെ ഉറക്കം വരാത്ത രാത്രികളായിരിക്കും. ഇത് മുൻകൂട്ടിക്കണ്ടാണ് ഇപ്പോൾ ജൂതരാഷ്ട്രം ഹോളോകാസ്റ്റിന് ഇറങ്ങിയിരിക്കുന്നതെന്ന് വ്യക്തം.

പക്ഷേ, ഹമാസും പാവപ്പെട്ട ഫലസ്ത്വീൻ ജനതയും സ്വാതന്ത്ര്യവും സമാധാനവുമാണ് ആഗ്രഹിക്കുന്നത്. അരിയും തിന്ന് ആശാരിച്ചിയെയും കടിച്ച് പിന്നെയും പട്ടിക്ക് മുറുമുറുപ്പ് എന്നു പറഞ്ഞതുപോലെയാണ് ഇസ്രയേൽ. എല്ലാറ്റിനും വളംവെച്ച് നൽകുന്നത് അമേരിക്കയും! അമേരിക്ക ഇസ്രയേലിനെ സഹായിക്കുന്നേടത്തോളം കാലം ഇസ്രയേലിന് അഹങ്കരിക്കാം. പക്ഷേ, കാലം സാക്ഷി, ഒരുനാൾ എല്ലാം കീഴ്മേൽ മറിയുക തന്നെ ചെയ്യും.

**നസ്വീർ പള്ളിക്കൽ റിയാദ്**

## ഗ്വാണ്ടനാമോ: തീരുമാനം അഭിനന്ദനീയം

**'ഗ്വാണ്ടനാമോ** തടവുകാരുടെ ഭാവി' സംബന്ധിച്ച മുഖക്കുറിപ്പ് ശ്രദ്ധേയമായി. അന്താരാഷ്ട്ര മര്യാദകളെയും നീതിന്യായ സംവിധാനങ്ങളെയും മനുഷ്യത്വത്തെയും നോക്കുകുത്തിയാക്കി അമേരിക്ക നടത്തിവന്ന ഗ്വാണ്ടനാമോ തടവറ അടച്ചുപൂട്ടുമെന്ന വാർത്ത ആശ്വാസദായകമാണ്. മനുഷ്യത്വം മരവിക്കുന്ന പൈശാചിക പീഡനമുറകൾ അരങ്ങേറുന്ന ഗ്വാണ്ടനാമോകൾ ഇനി ലോകത്തൊരിടത്തും ഉണ്ടാവാൻ പാടില്ല എന്ന് ഒബാമക്ക് ആത്മാർഥമായി ആഗ്രഹമുണ്ടെങ്കിൽ അത് അമേരിക്കയുടെ അന്തസ്സുയർത്തും. മുഖപ്രസംഗം ആവശ്യപ്പെടുംപോലെ, മാന്യമായ നഷ്ടപരിഹാരം നൽകി, പീഡനങ്ങൾക്ക് മാപ്പുപറഞ്ഞ് മുഴുവൻ തടവുകാരെയും സ്വന്തം രാജ്യങ്ങളിലേക്ക് തിരിച്ചയക്കാൻ ഒബാമ തയാറാകണം.

**ജസിൽ തോട്ടത്തിക്കുളം, കോതമംഗലം**